**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 503** **13-10-2026-ൽ മറുപടിയ്ക്ക്**

**ട്രാവൻകൂർ റയോൺസിന്റെ പ്രവർത്തനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ്
മന്ത്രി)

**(എ)** പെരുമ്പാവൂരിൽ കിൻഫ്രയ്ക്ക് വിട്ടു നൽകിയിട്ടുള്ള പൂട്ടിക്കിടക്കുന്ന ട്രാവൻകൂർ റയോൺസിന്റെ സ്ഥലം വെറുതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള 68 ഏക്കർ ഭൂമി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ കീഴിലുള്ള ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈവശത്തിലും നിയന്ത്രണത്തിലുമായിരുന്നു. കോടതിയുടെ പ്രത്യേക അനുമതിയോടെ, ഇതിൽ 30 ഏക്കർ ഭൂമി ഒഫീഷ്യൽ ലിക്വിഡേറ്ററും തുടർന്ന് ഭൂമിവില കൈപ്പറ്റിയ ശേഷം റവന്യൂ വകുപ്പും കിൻഫ്രയ്ക്ക് കൈമാറുകയുണ്ടായി. ഈ ഭൂമിയിൽ നിന്നും 28 ഏക്കർ സ്ഥലം 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്-2025'-ൽ താല്പര്യപത്രം സമർപ്പിച്ച M/s കെയിൻസ് ടെക്നോളജി എന്ന സ്ഥാപനത്തിന് ലീസ് വ്യവസ്ഥയിൽ നൽകി. ഈ സ്ഥലത്ത് കമ്പനിയുടെ ഒന്നാം ഘട്ട വ്യവസായ-ഉൽപ്പാദന പ്രവർത്തനങ്ങൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ അനുമതിക്കായുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള രണ്ട് ഏക്കർ ഭൂമി കിൻഫ്ര പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി മാറ്റിവെച്ചിരിക്കുകയാണ്. ആകെയുള്ള 68 ഏക്കർ റയോൺസ് ഭൂമിയും വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് വിട്ടുനൽകാൻ തീരുമാനിച്ചിട്ടുണ്ട്. മുഴുവൻ ഭൂമിയും പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ (DPR) കിൻഫ്ര തയ്യാറാക്കിയിട്ടുണ്ട്.

**(ബി)** മേൽപ്പറഞ്ഞിടത്ത് ഒരു വ്യവസായം മാത്രം ആരംഭിച്ചിട്ടുള്ളതിനാൽ ബാക്കിയുള്ള സ്ഥലത്ത് നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമാകുന്ന രീതിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ട്രാവൻകൂർ റയോൺസിന്റെ കൈവശമുള്ള ബാക്കി ഭൂമി നിയമനടപടികൾ പൂർത്തിയാക്കി കിൻഫ്രയ്ക്ക് ലഭിക്കുന്ന മുറയ്ക്ക് പരിസ്ഥിതി സൗഹൃദപരമായ ഗ്രീൻ കാറ്റഗറി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**